# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1259** **04.02.2019 -ൽ മറുപടിയ്ക്ക്**

## പ്രീസ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠനപദ്ധതി ഏകീകരണം

ചോദ്യം

**ശ്രീ.വി.പി.സജീന്ദ്രൻ**

ഉത്തരം

പ്രൊഫ: സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) പ്രീസ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠനപദ്ധതി ഏകീകരിക്കുന്നതിന് സമഗ്രശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

എ) ഉണ്ട്. പ്രീ സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സർവ്വശിക്ഷാ അഭിയാൻ,രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയുടെ നടത്തിപ്പിനായി രൂപീകരിച്ച യഥാക്രമം പ്രൈമറി എഡ്യൂക്കേഷൻ ഡവലപ്പ്മെന്റ് സൊസൈറ്റി , സെക്കന്ററി ഡവലപ്പ്മെന്റ് സൊസൈറ്റി എന്നിവ പിരിച്ചുവിടുകയും പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സമഗ്ര ശിക്ഷാ കേരള'യ്ക്കായി സ്കൂൾ എഡ്യൂക്കേഷൻ ഡവലപ്പ്മെന്റ് സൊസൈറ്റി (സെഡസ്ക്) എന്ന പേരിൽ പുതിയ സൊസൈറ്റി രൂപീകരിക്കുകയും, 'സെഡസ്'കിന്റെ ആദ്യഗവേണിംഗ് കൗൺസിൽ യോഗം 13.12.2018 ന് ബഹു: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രസ്തുത മീറ്റിംഗിന്റെ തീരുമാന പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

ബി) ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പാഠപുസ്തകവും രണ്ട് ജോഡി സൗജന്യ യൂണിഫോമും നൽകുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ;

ബി) ഉണ്ട്

സി) എങ്കിൽ 2018-19 വർഷം ഈയിനത്തിൽ എന്ത് സഹായമാണ് ലഭിച്ചത്; വിശദമാക്കുമോ;

സി) 2018-19 അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിക്കായി 4506.59 ലക്ഷം രൂപ(നാല്പത്തിയഞ്ച് കോടി ആറ് ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ)യും സൗജന്യ പാഠപുസ്തക പദ്ധതിക്കായി 7097 ലക്ഷം രൂപ(എഴുപത് കോടി തൊണ്ണൂറ്റിഏഴ് ലക്ഷം രൂപ)യും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | സമഗ്ര ശിക്ഷാ അഭിയാൻ പ്രകാരം കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പുറത്തിറക്കിയ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തിക മാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | ഡി) | പ്രീ സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കുന്നതിന്റെ ഭാഗമായി സർവ്വശിക്ഷാ അഭിയാൻ,രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, ടീച്ചർ എഡ്യൂക്കേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്രശിക്ഷ' എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ഇതിനായി ഒരു സിംഗിൾ ഇംപ്ലിമെന്റിംഗ് സൊസൈറ്റി രൂപീകരിക്കുവാനും കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം മാർഗ്ഗ നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 'സമഗ്രശിക്ഷാ - കേരള' എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയും ഇതിനായി 'സെഡസ്ക്' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും, 13.12.2018 ന് ചേർന്ന സെഡസ്കിന്റെ ആദ്യ ഗവേണിംഗ് കൗൺസിൽ യോഗ തീരുമാന പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ